LIBRARY ARCHIVES Kerala Legislative Assembly

## ആലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

12 [5722] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതിനായി സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത പണി എന്നേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇൻവെസ്റ്റിഗേഷനും ആർക്കിടെക്ചറൽ ഡ്രോയിംഗും തയ്യാറായിട്ടുണ്ട്.

(ബി, സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ വർഷം തന്നെ പണി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ആലപ്പുഴ മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി

13 [5723] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 10 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്

(ബി, സി) ആവശ്യമുള്ള അറ്റകുറ്റപ്പണികൾക്കായി 5.69 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. റാംമ്പ് നിർമ്മാണത്തിനുള്ള ഡ്രോയിംഗും എസ്റ്റിമേറ്റും തയ്യാറായി വരുന്നു.

## ആലപ്പുഴ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫീസ് കെട്ടിട നിർമ്മാണം

14 [5724] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫീസ് കെട്ടിട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലുണ്ടോ;